**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.7369 14.07.2014 -ൽ മറുപടി നൽകേണ്ടത്**

**" കൊച്ചിൻ കോർപ്പറേഷനിൽ ഹോമിയോ ഡിസ്പെൻസറി "**

| ചോദ്യം<br><br>ശ്രീ. ബെന്നി ബെഹനാൻ | | മറുപടി<br><br>ശ്രീ. മഞ്ഞളാംകുഴി അലി<br>( നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കൊച്ചിൻ കോർപ്പറേഷനിൽ ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിന് വകുപ്പിന്റെ അംഗീകാരം ആവശ്യമാണോയെന്നറിയിക്കുമോ ; | (എ) | ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിന് സർക്കാരിന്റെ പ്രത്യേക അംഗീകാരം ആവശ്യമില്ല. എന്നാൽ ഡിസ്പെൻസറിയുടെ പ്രവർത്തനത്തിന് വേണ്ട സ്റ്റാഫിന്റെ നിയമനത്തിന് സർക്കാർ അനുമതി ആവശ്യമാകുന്നു. |
| (ബി) | കൊച്ചിൻ കോർപ്പറേഷനിൽ ഹോമിയോ ഡിസ്പെൻസറി നടത്തുന്നതിന് വേണ്ടിയുള്ള കൗൺസിൽ റെസലൂഷൻ പാസ്സാക്കി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു നൽകിയിട്ട് എത്ര നാളായെന്ന് അറിയിക്കുമോ ; | (ബി യും സി യും) | ഉണ്ട്, അതാത് കാലങ്ങളിൽ നിശ്ചിത കാലാവധിയ്ക്കാണ് ഹോമിയോ ഡിസ്പെൻസറി നടത്തുന്നതിനായി പുതുക്കി നൽകാറുള്ളത്. 29/11/2013 –ലെ 24 -ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 31.03.2014 വരെ അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 30.06.2014 വരെ കൗൺസിൽ അംഗീകരിച്ച് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, മേയർ അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പുതുക്കുന്നതിനായി കൊച്ചി നഗരസഭ ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റി 15.06.2014 -ലെ 6-ാം നമ്പർ തീരുമാന പ്രകാരം കൗൺസിലിനോട് ശുപാർശ ചെയ്തിട്ടുണ്ട്. ആയത് കൗൺസിൽ പരിഗണനയ്ക്ക് അയയ്ക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (സി) | ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ